## കേരളകാർഷിക സർവ്വകലാശാല

## കശുമാവ് ഗവേഷണ കേന്ദ്രം,മാടക്കത്തറ

**സി.ആർ.എം – 852/17** **തിയ്യതി – 08/06/2017**

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിലെ ഫാമിൽ വിവിധ ജോലികൾക്ക്, 01/07/2017 മുതൽ 30/06/2018 വരെയുള്ള കാലയളവിൽ കരാർ അടിസ്ഥാനത്തിൽ പുരുഷ തൊഴിലാളികളെ ലഭ്യമാക്കുവാൻ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

താഴെ പറയുന്ന ജോലികൾക്ക് ഓരോന്നിനും പ്രത്യേക നിരക്കുകൾ (പ്രതിദിനം ഒരാൾക്ക് നൽകേണ്ട തുക) രേഖപ്പെടുത്തി ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.

1. വേരുതീനിപ്പുഴുക്കളെ എടുത്ത് നശിപ്പിക്കൽ, മരുന്നൊഴിക്കൽ, മണ്ണിട്ടു മൂടൽ, ഉണങ്ങിയമരങ്ങൾ വെട്ടിമാറ്റി തീയിട്ടു നശിപ്പിക്കൽ.
2. പുല്ലുവെട്ടൽ യന്ത്രം പ്രവർത്തിപ്പിക്കൽ , കശുമാവ് കമ്പുകോതൽ, പുല്ല് വീശുന്നതിന് സഹായിക്കൽ
3. ഇടവിളകൃഷികളുടെ നിലമൊരുക്കൽ, തടമെടുക്കൽ, നടീൽ, മരുന്നു തളി, നനയ്ക്കൽ, വിളവെടുപ്പ് മുതലായവ
4. മേൽമണ്ണ് ശേഖരിക്കൽ,ചാണകം ഉണക്കിപ്പൊടിച്ച് സൂക്ഷിക്കൽ, നഴ്സറി വൃത്തിയാക്കൽ, പോട്ടിങ്ങ് മിശ്രിതം തയ്യാറാക്കൽ.
5. കശുമാവ് നടാൻ കുഴിയെടുക്കൽ, ലെ – ഔട്ട് ചെയ്യാൻ സഹായിക്കൽ, പ്ലോട്ട് വൃത്തിയാക്കൽ,കശുമാവിന്റെ കടഭാഗം പുല്ലു ചെത്തി വൃത്തിയാക്കൽ.
6. അലങ്കാര ചെടികളുടെ ഉൽപാദനം, മിസ്റ്റ് ചേമ്പറുകളുടെ പരിപാലനം, ഉദ്യാനപരിപാലനം തുടങ്ങിയവ.
7. ട്രാക്ടറിൽ പുല്ലുവെട്ടുന്നതിന് സഹായിക്കൽ, ഫയർ ബെൽറ്റ് നിർമിക്കൽ, ഇടവിള കൃഷിക്കുവേണ്ട ചാലുകൾ,തടങ്ങൾ, കുഴികൾ എടുക്കുക തുടങ്ങിയവ.

<u>വ്യവസ്ഥകൾ</u>

1. കരാർ കാലയളവിൽ ഏറ്റെടുക്കേണ്ട ജോലിയുടെ വിശദാംശങ്ങൾ ഫാം ഓഫീസിൽ നിന്നും ശേഖരിയ്ക്കേണ്ടതാണ്.
2. പ്രതിദിനം ആവശ്യമുള്ള തൊഴിലാളികളുടെ എണ്ണം കരാറുകാരൻ ഫാം ഓഫീസിൽ നിന്നും എല്ലാ ദിവസവും ശേഖരിക്കേണ്ടതാണ്.
3. ഫാമിൽ നിന്ന് ആവശ്യപ്പെടുന്ന എണ്ണം പുരുഷ തൊഴിലാളികളെ അതാതു ദിവസം തന്നെ കൃത്യമായും നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.
4. ഫാമിൽ നിന്ന് ആവശ്യപ്പെടുന്ന ജോലികൾ സമയപരിധിക്കുള്ളിൽ ഗുണനിലവാരം ഉറപ്പുവരുത്തി നിർബന്ധമായും തീർത്തു തരേണ്ടതാണ്.
5. തൊഴിലാളികൾ ദിവസം 8 മണിക്കൂർ (8 മണി മുതൽ 5 മണി വരെ ) ജോലി ചെയ്യേണ്ടതാണ്
6. ഫാമിൽ നിന്നും ഏൽപ്പിക്കുന്ന എല്ലാ ജോലികളും ചെയ്യുവാൻ തൊഴിലാളികൾ ബാധ്യസ്ഥരായിരിക്കും.
7. കരാർ ജോലി പ്രവൃത്തി ദിവസങ്ങളിലും പ്രവൃത്തി സമയത്തും ചെയ്യേണ്ടതാണ്.
8. ഈ കരാറുമായി ബന്ധപ്പെട്ട് സർക്കാരിലേക്ക് അടക്കേണ്ട സേവന നികുതി ( 1 ശതമാനം ) ബില്ലിൽ നിന്നും ഈടാക്കാവുന്നതാണ്. ഇതിനു പുറമെ മറ്റേതെങ്കിലും നികുതികൾ അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് കരാറുകാരൻ തന്നെ അടയ്ക്കേണ്ടതാണ്
9. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.
10. ജോലികൾക്ക് പൂർണ്ണമായോ, ഭാഗികമായോ ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ്.

–മറുപുറം–

11. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ജോലിയ്ക്കുള്ള പ്രതിഫലം തടഞ്ഞുവെക്കുവാനും ക്വട്ടേഷൻ റദ്ദാക്കുവാനും സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ട പരിഹാരം ഈടാക്കുവാനും ഗവേഷണ കേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.
12. തൊഴിലാളികൾ കാർഷികസർവ്വകലാശാലയിലെ നിയമങ്ങൾക്ക് വിധേയമായി പ്രവൃത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്.
13. കാർഷിക സർവ്വകലാശാലയുടെ അന്തസിന് നിരക്കാത്ത പ്രവൃത്തികൾ കരാർ തൊഴിലാളികളിൽ നിന്ന് ഉണ്ടായാൽ അവരുടെ സേവനം അവസാനിപ്പിക്കുവാൻ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരമുണ്ടായിരിക്കും.
14. ഈ ക്വട്ടേഷൻ പ്രകാരം ജോലി ചെയ്യുന്നതിന്റെ പേരിൽ കാർഷിക സർവ്വകലാശാലയിലെ യാതൊരുവിധ നിയമനത്തിനും പ്രത്യേക അവകാശം ഉണ്ടായിരിക്കുന്നതല്ല.
15. ഇ.എസ്.ഐ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും, തൊഴിൽ നിയമങ്ങളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന മാറ്റങ്ങൾക്കനുസരിച്ചും, കേരള കാർഷിക സർവ്വകലാശാല കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കുവാൻ കരാറുകാൻ ബാദ്ധ്യസ്ഥനാണ്.

മുദ്ര വെച്ച ക്വട്ടേഷനുകൾ **19/06/2017** തിയ്യതി രാവിലെ **11.00** മണിക്ക് മുൻപായി ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ –680651 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.ക്വട്ടേഷൻ ,സമർപ്പിക്കുന്ന ജോലിയുടെ പേര് കവറിനു പുറത്ത് എഴുതണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **500/–** രൂപ ഓഫീസിൽ അടക്കേണ്ടതാണ്. ക്വട്ടേഷനുകൾ 19/06/2017 തിയ്യതി രാവിലെ **11.15ന്** തത്സമയം സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. 1 മുതൽ 7 വരെ ക്രമ നമ്പറുകളിൽ പറഞ്ഞിരിക്കുന്ന ജോലികൾക്കു ക്വട്ടേഷൻ ലഭിച്ചിട്ടുള്ളവർ **1000/–** രൂപ സെക്യൂരിറ്റി നിക്ഷേപമായി **23/06/2017** തിയ്യതി രാവിലെ **11** മണിക്കകം അടയ്ക്കേണ്ടതാണ്. അനുവദിച്ചിട്ടുള്ള ജോലി ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്നുള്ള ഒരു സമ്മതപത്രം **100** രൂപയുടെ മുദ്രപത്രത്തിൽ **23/06/2017 രാവിലെ 11** മണിക്കകം എഴുതി നൽകേണ്ടതാണ്.സെക്യൂരിറ്റി തുക അടയ്ക്കുകയും സമ്മതപത്രം സമർപ്പിക്കുകയും ചെയ്താൽ മാത്രമേ കരാർ ജോലി ഏറ്റെടുക്കുവാൻ അനുവദിക്കുകയുള്ളൂ.

ക്വട്ടേഷനുകൾ യാതൊരു കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഗവേഷണകേന്ദ്രം മേധാവി

1. നോട്ടീസ് ബോർഡ്
2. “ ഹോർട്ടിക്കൾച്ചർ കോളേജ്,വെള്ളാനിക്കര
3. “ കാർഷിക ഗവേഷണ കേന്ദ്രം,മണ്ണുത്തി
4. “ ഗ്രാമ പഞ്ചായത്ത് ഓഫീസ്,മാടക്കത്തറ
5. “ കൃഷി ഭവൻ,ഒല്ലൂക്കര
6. “ വില്ലേജ് ഓഫീസ്,വെള്ളാനിക്കര & മാടക്കത്തറ
7. “ കെ.എ.യു വെബ്സൈറ്റ്